# മെത്രാപ്പോലീത്തായുടെ കത്ത്



**(ഡിസംബർ 2017)**

കർത്താവിൽ പ്രിയരേ,

ലോകമെങ്ങും ക്രിസ്തുവിന്റെ സാക്ഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസസമൂഹമാണ് സഭ. നമ്മുടെ സഭാപിതാക്കന്മാർ ഈ വലിയ ദർശനത്തോടുകൂടിയാണ് സഭയ്ക്ക് ദിശാബോധം നൽകിയിട്ടുള്ളത്. 1944 ആഗസ്റ്റ് മാസം 15-ാം തീയതി കോഴഞ്ചേരി മാർത്തോമ്മാ പള്ളിയിൽ വെച്ച് സ്ഥാനാരോഹണം ചെയ്യപ്പെടുകയും 1947 സെപ്റ്റംബർ 1-ാം തീയതി കർത്തൃ സന്നിധിയിലേക്ക് വിളിക്കപ്പെട്ട് ചേർക്കപ്പെടുകയും ചെയ്ത കാലം ചെയ്ത ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ നിരന്തരം തന്റെ പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ഒരു അപേക്ഷയുണ്ടായിരുന്നു- "പ്രാണനാഥാ ശ്രീയേശുവേ, എന്റെ ജനത്തെ നീയൊന്നു ചിതറിക്കേണമേ. അവർ പരിശുദ്ധാത്മ ശക്തി പ്രാപിച്ച് ലോകത്തിന്റെ അറ്റത്തോളം നിന്റെ സാക്ഷികളാകുവാൻ തന്നെ." ഈ പ്രാർത്ഥന കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് തന്റെ ശിഷ്യന്മാർക്ക് നൽകിയ നിയോഗത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു പ്രാർത്ഥനയായിരുന്നു. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും" (അപ്പൊ.പ്ര. 1:8). ഈ വലിയ നിയോഗം ലഭിച്ച ശിഷ്യസമൂഹത്തിന്റെ കൂട്ടായ്മയിൽ യേശുവിന്റെ അമ്മ മറിയയുമുണ്ടായിരുന്നു. മറിയ തന്റെ പുത്രനെ സ്വർഗ്ഗാരോഹണത്തിന് ശേഷവും സ്നേഹിച്ചത് ക്രിസ്തുവിന്റെ ശരീരമായ സഭയോടു ചേർന്നുനിന്നായിരുന്നു. സാക്ഷ്യത്തിന്റെ ഏറ്റവും സമുന്നതമായ മാതൃകയാണിത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ പ്രാർത്ഥനയ്ക്ക് ഫലം കണ്ടുതുടങ്ങി. ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് നമ്മുടെ സഭാജനങ്ങൾ ചിതറിക്കപ്പെട്ടു. അവർ ചെന്നുചേർന്ന ഇടങ്ങളിലെല്ലാം യേശുവിന്റെ അമ്മയായ മറിയയെപ്പോലെ സഭയോടു ചേർന്നുനിന്നുകൊണ്ട് തങ്ങളുടെ സാക്ഷ്യം നിർവ്വഹിച്ചു. ഉപജീവനത്തിനുള്ള മാർഗ്ഗം തേടിപ്പോയവർ എന്ന നിലയിലല്ല സഭ അവരെ കാണുന്നത്. തങ്ങളായിരിക്കുന്ന ഇടങ്ങളിൽ സാക്ഷ്യം പകരുവാൻ ദൈവം നിയോഗിച്ചവർ എന്ന നിലയിലാണ് നാം അവരെ കാണുന്നത്. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നമ്മുടെ സഭാ മക്കൾ കർത്താവിന്റെ വലിയ സാക്ഷികളായി നിന്നുകൊണ്ട് സുവിശേഷം ഘോഷിക്കുന്നത് എത്രയോ ശ്രേഷ്ഠമായ അനുഭവമാണ്.

ഏതാനും വർഷങ്ങൾക്കു മുമ്പ് ന്യൂസിലന്റിന്റെ ഏറ്റവും തെക്കുള്ള ക്രൈസ്റ്റ് ചർച്ചിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ച അനുഭവം ഈ സമയത്ത് ഓർക്കുന്നു. അന്റാർട്ടിക് മേഖലയിലെ ഒരു ദ്വീപിൽ താമസിക്കുന്ന ഒരു കുടുംബം 1300 കി.മീ. യാത്ര ചെയ്ത് ആ പള്ളിയിൽ അന്നെത്തിച്ചേർന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊണ്ടത് എത്രയോ ശ്രേഷ്ഠമായ അനുഭവമാണ്. കഴിഞ്ഞമാസം കാനഡയിലെ ഏറ്റവും വടക്കേഅറ്റത്തുള്ള ഫോർട്ട് മക്മറ കോൺഗ്രിഗേഷനിലേക്ക് കടന്നുചെന്ന് വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചത് വലിയൊരു അനുഭവമായിരുന്നു. അർട്ടിക് സർക്കിളിനോടു ചേർന്നുള്ള അവിടെയും നമ്മുടെ സഭാ ജനങ്ങൾ സാക്ഷ്യം നിർവ്വഹിക്കുന്നു. ദൈവം തന്റെ മുഖ സാദൃശ്യത്തിലാണ് മനുഷ്യരെ സൃഷ്ടിച്ചത്. എന്നാൽ ആ മുഖം ആരും കണ്ടിട്ടില്ല. 2000 വർഷങ്ങൾക്കു മുമ്പ് തന്റെ ഏകജാതനായ പുത്രനിലൂടെ ദൈവം ആ മുഖം ലോകത്തിന് ദൃശ്യമാക്കി. അതുകൊണ്ടാണ് പ്രഗത്ഭ ബംഗാളി ചിന്തകനായ കേശബ് ചന്ദ്രസെൻ "നസ്രയനായ യേശുവിന്റെ മുഖത്ത് ദൈവത്തിന്റെ മനുഷ്യമുഖം നമുക്ക് കാണുവാൻ കഴിയും" എന്നു പ്രഖ്യാപിച്ചത്. കേശബ് ചന്ദ്രസെന്നിന്റെ കാലഘട്ടത്തിൽ തന്നെ ഭാരതീയ ദർശനത്തിന്റെ മഹാനായ വക്താവായി മാറിയ സ്വാമി വിവേകാനന്ദൻ "മറ്റുള്ളവർക്കായി കത്തിജ്വലിച്ച ഉജ്ജ്വല ദീപം" എന്നാണ് യേശുക്രിസ്തുവിനെവിശേഷിപ്പിച്ചത്. യേശുക്രിസ്തുവിന്റെ മനുഷ്യമുഖം ലോകത്തിന് നൽകുവാൻ നമുക്ക് കഴിയുമ്പോഴാണ് നാം ക്രിസ്തുവിന്റെ സാക്ഷികളായി മാറുന്നത്. ദക്ഷിണാഫ്രിക്കയിൽ ജോഹന്നാസ് ബർഗിന് സമീപമുള്ള പ്രിറ്റോറിയ എന്ന സ്ഥലത്ത് 1 ഹെക്ടർ സ്ഥലം വാങ്ങി അവിടെയൊരു പള്ളിയും അതിനോടു ചേർന്ന് ഒരു പാഴ്സണേജും ഒരു ഗസ്റ്റ് റൂമും അവിടെയുള്ള നമ്മുടെ സഭാമക്കൾ പണികഴിപ്പിച്ചു എന്നത് അഭിമാനകരമായ ഒരു വസ്തുതയത്രെ. 1000 കി.മീ. അകലെനിന്നുപോലും ആ ഇടവകയിൽ ആ പള്ളിയുടെ കൂദാശയിൽ ആളുകൾ വന്നു സംബന്ധിച്ചു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഏകദേശം 700-ൽ പരം ആളുകൾ ആ കൂദാശയിൽ വന്നു സംബന്ധിക്കുകയുണ്ടായി. 400-ൽ പരം ആളുകൾ വിശുദ്ധ കുർബ്ബാന കൈക്കൊള്ളുകയുമുണ്ടായി. അവിടുത്തെ തുകയായ 4.5 Million Rand ചെലവഴിച്ചാണ് ഈ നിർമ്മാണപ്രവർത്തനങ്ങൾ നടന്നത്. അതേ മാസത്തിൽ തന്നെ ടൊറൊന്റോയിലെ കാനഡായിൽ അമേരിക്കയിലെ ആദ്യത്തെ സ്വയ നിർമ്മിതമായ പള്ളി കൂദാശ ചെയ്യുന്നതിനിടയായി. 6.5 മില്ല്യൻ കനേഡിയൻ ഡോളർ ചെലവഴിച്ചാണ് ഈ പള്ളിയുടെ നിർമ്മാണ പ്രവർത്തനം നടന്നത്. ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കാനഡായിൽ പഠനം പൂർത്തിയാക്കി മടങ്ങിവന്നതിന്റെ 100-ാം വാർഷികത്തിലാണ് ഈ കൂദാശ നടന്നത് എന്നത്

പ്രത്യേകം പ്രസ്താവ്യമാണ്. ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ പ്രാർത്ഥനയുടെയും സ്വപ്നത്തിന്റെയും സാഫല്യമാണ് ഉത്തര ദക്ഷിണ ധ്രുവപ്രദേശങ്ങൾക്കടുത്ത സ്ഥലങ്ങളിൽപ്പോലും ചെന്ന് ക്രിസ്തുവിന്റെ സാക്ഷ്യം വെളിപ്പെടുത്തുവാൻ ലഭിക്കുന്ന അവസരങ്ങൾ എന്ന് ദർശിക്കാവുന്നതത്രെ. 1957ൽ ഇന്റോനേഷ്യയിൽ വെച്ച് ആരംഭിച്ച ക്രിസ്റ്റ്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യയുടെ ജൂബിലി ആഘോഷത്തിലും കുവൈറ്റിൽ ആരംഭിച്ച നമ്മുടെ ഇടവകയുടെ 54-ാം വാർഷികത്തിലും തിരുവല്ലാ വൈ. എം.സി.എ.യുടെ ഗോൾഡൻ ജൂബിലി ആഘോഷ പരിപാടിയിലും തിരുവല്ലായിലെ അഭിഭാഷക സമൂഹത്തിന്റെ സംഘടനയായ തിരുവല്ലാ ബാർ അസ്സോസിയേഷന്റെ 100-ാം വാർഷികത്തിലും പങ്കെടുക്കാൻ കഴിഞ്ഞതും ഹൃദ്യമായ അനുഭവങ്ങളായിരുന്നു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വെല്ലൂർ ആശുപത്രിയിൽ ചികിത്സക്കായി എത്തുന്നവർക്ക് മാർഗ്ഗദർശനം നൽകുന്ന നമ്മുടെ ഗൈഡൻസ് സെന്ററിന്റെ കാലോചിതമായ പുനർനിർമ്മിതി നടക്കുകയുണ്ടായി. 75 ലക്ഷം രൂപാ ചെലവഴിച്ച് പൂർത്തീകരിച്ച ആ കെട്ടിടത്തിന്റെ കൂദാശ നവംബർ 9-ാം തീയതി നിർവ്വഹിക്കുകയുണ്ടായി. ഇപ്പോൾ നമ്മുടെ 2 ഗൈഡൻസ് സെന്ററുകൾ അവിടെ പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ വെല്ലൂർ ആശുപത്രിയിൽ നിന്നും 15 കി.മീ. ദൂരത്തിലുള്ള ഒരു സ്ഥലത്ത് വെല്ലൂർ ആശുപത്രിയുടെ തന്നെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുകയാണ്. അവിടെയും സ്ഥലം വാങ്ങി ഒരു ഗൈഡൻസ് സെന്റർ ആരംഭിക്കുന്നതിനായുള്ള ക്രമീകരണങ്ങൾ ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം കാര്യക്ഷമമായി നിർവ്വഹിച്ചുവരികയാണ്. ഈ സംരംഭം സാക്ഷാത്ക്കരിക്കപ്പെടുന്നതിനായി സുമനസ്സുകളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നറിയിക്കുന്നു.

ട്രാൻസ്ജെൻഡർ പ്രോജക്ടുമായി ബന്ധപ്പെട്ട ബോധവത്ക്കരണ സമ്മേളനങ്ങൾ 4 സ്ഥലങ്ങളിലായി നടന്നു. കേരളത്തിലെ 3 ഇടങ്ങളിലും ഡൽഹിയിൽ വെച്ചുമാണ് സമ്മേളനം നടന്നത്. കേരളത്തിൽ 2 സമ്മേളനങ്ങൾ കൂടി നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. മുളക്കുഴയുള്ള നമ്മുടെ സ്ഥലം നമ്മുടെ സമസൃഷ്ടികളായ ട്രാൻസ്ജെന്റർ സഹോദരങ്ങളോടുള്ള കടമ നിർവ്വഹിക്കുവാനായുള്ള പ്രോജക്ടിനായി പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായാണ് ഈ പ്രോജക്ടിന് നേതൃത്വം വഹിക്കുന്നത്. ഈ പ്രോജക്ടിന്റെ ഗുണപരമായ പ്രവർത്തനങ്ങളിൽ എല്ലാ ഭദ്രാസനങ്ങളുടെയും സഹകരണം ഉണ്ടാകണമെന്ന് അറിയിക്കുന്നു.

ഇന്ത്യയുടെ മുൻ ഉപപ്രധാനമന്ത്രിയും പ്രതിപക്ഷനേതാവുമായിരുന്ന ശ്രീ. ലാൽകൃഷ്ണ അഡ്വാനി നവതിയുടെ നിറവിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ മാർത്തോമ്മാ സഭയുടെ ആശംസകൾ അദ്ദേഹത്തെ നേരിൽ കണ്ട് അറിയിക്കുവാൻ ഡൽഹിയിൽ നിന്നുള്ള സഭാ കൗൺസിലംഗം ശ്രീ. എൻ. സണ്ണിയെ പ്രത്യേകമായി നിയോഗിക്കുകയും സണ്ണി അദ്ദേഹത്തെ നേരിൽ കണ്ട് സഭയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. ഈ അവസരത്തിൽ അവിടെയുണ്ടായിരുന്ന മാധ്യമ സുഹൃത്തുക്കളോട് ശ്രീ. എൽ.കെ. അഡ്വാനി മാർത്തോമ്മാ സഭയെ കുറിച്ച് അഭിമാനകരമായ രീതിയിൽ സംസാരിക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ സഭാനവീകരണത്തിന്റെ 500-ാം വാർഷികം അമേരിക്കയിലെ ചിക്കാഗോയിലെ ലൂഥറൻ സെമിനാരിയിൽ വെച്ച് അനുഗൃഹീതമായി നടന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം You-I (നീയും ഞാനും) Relationship ആണെങ്കിൽ മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധം മാംസത്തിൽ നിന്നുള്ള മാംസവും അസ്ഥിയിൽ നിന്നുള്ള അസ്ഥിയും എന്ന നിലയ്ക്കുള്ള ബന്ധമാണ്. മാർട്ടിൻ ലൂഥറുടെ നവീകരണ ദർശനം ഈയൊരു ദൈവശാസ്ത്ര ദർശനത്തിൽ അധിഷ്ഠിതമായിരുന്നു. നവീകരണ ദർശനത്തിൽ ഉറച്ചുനിന്ന് പോരാടുമ്പോൾ, തന്നെ വിചാരണ ചെയ്ത ന്യായാധിപ സംഘത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് വിശ്വാസ സ്ഥിരതയോടും ധീരതയോടുംകൂടി അദ്ദേഹം പറഞ്ഞത് 'Here I stand' എന്നാണ്. ആ നവീകരണത്തിന്റെ ദൗത്യശാക്തീകരണം വിളിച്ചറിയിച്ചുകൊണ്ടുള്ള ഒരു സമ്മേളനമായിരുന്നു അത്. ലൂഥറൻ തിയോളജിക്കൽ സെമിനാരിയുടെ പ്രസിഡന്റ് Dr. James Neiman ഉം കാതലിക് തിയോളജിക്കൽ യൂണിയന്റെ പ്രസിഡന്റ് Dr. Mark Francis ഉം സെമിനാരി ഫാക്കൽറ്റി അംഗം Dr. Peter Vethanayagomony ഉം ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. വളരെ ഹൃദ്യമായ ഒരു കൂടിവരവായിരുന്നു അത്.

നമ്മുടെ മുൻ സഭാ കൗൺസിലംഗവും ഇപ്പോൾ എൻ.സി.സി.ഐ.യുടെ വൈസ് പ്രസിഡന്റുമായിരിക്കുന്ന ശ്രീമതി ഏലിയാമ്മ തോമസിന്റെ മകൾ ഏലു മറിയം തോമസ് ഇംഗ്ലണ്ടിലെ റോയൽ ഐറിഷ് അക്കാദമി ഓഫ് മ്യൂസിക്കിന്റെ എക്സാമിനറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഏഷ്യാക്കാരിയാണ് ഏലു മറിയം തോമസ്. പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

മാർത്തോമ്മാ സഭയുടെ 2017-ലെ പട്ടക്കാരുടെ വാർഷിക സമ്മേളനം നവംബർ 21 മുതൽ 24 വരെ ചരൽക്കുന്നിൽ വെച്ച് നടന്നു. "Church as an Agent of Change: Redefining Ministry Contextually" എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. ക്രമീകൃതവും ധന്യവുമായ രീതിയിൽ നടന്ന കോൺഫ്രൻസിന് നേതൃത്വം നൽകിയവരെയും പങ്കെടുത്തവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നീലേശ്വരം മാർത്തോമ്മാ ഇടവകാംഗമായ ഷിബു സദനിൽ ഷിബുവും ഭാര്യയും അമ്മയും ഒരു ഭക്ഷ്യവിഷബാധയെത്തുടർന്ന് ന്യൂസിലന്റിലെ ഹാമിൽട്ടൻ ഹോസ്പിറ്റലിൽ ഐ.സി.യു.ൽ കഴിയുന്നു. ഒരു അപൂർവ്വ അണുബാധയാണ് ഉണ്ടായത്. 1983 ന് ശേഷം ആദ്യമായാണ് ന്യൂസിലന്റിൽ ഇങ്ങനെയൊരു അണുബാധയുണ്ടാകുന്നത്. 5 വർഷം മുമ്പാണ് ഷിബു കുടുംബമായി ന്യൂസിലന്റിലെത്തി ജോലിയിൽ പ്രവേശിച്ചത്. ഈ പ്രത്യേക അവസ്ഥയിൽ പല പരിമിതികളും അവർ അഭിമുഖീകരിക്കുന്നുണ്ട്. ന്യൂസിലന്റ് എംബസിയുമായി ബന്ധപ്പെട്ട് നല്ല ചികിത്സ ലഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയ നമ്മുടെ കേന്ദ്ര വിദേശകാര്യവകുപ്പുമന്ത്രി ശ്രീമതി സുഷമ സ്വരാജിനെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. ഷിബുവിന്റെ 7 വയസ്സും 1 വയസ്സുമുള്ള രണ്ടു മക്കളും ന്യൂസിലന്റിലുണ്ട്. ഹാമിൽട്ടനിലുള്ള മാർത്തോമ്മാ കോൺഗ്രിഗേഷനാണ് ഈ രണ്ടു കുട്ടികളുടെയും സംരക്ഷണ ചുമതല ഏറ്റെടുത്തിരിക്കുന്നത്. ഷിബുവിന്റെയും കുടുംബത്തിന്റെയും സൗഖ്യത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് അറിയിക്കട്ടെ.

ഇപ്പോഴത്തെ ഗവണ്മെന്റ് നിയമപ്രകാരം മാർത്തോമ്മാ സഭയുടെ പാൻ ഉപയോഗിച്ച് നീതി ആയോഗിൽ ദർപ്പൺ Unique ID നേടുവാൻ സഭയ്ക്കു മാത്രമേ അനുവാദമുള്ളു. ഒരു പാനുമായി ബന്ധപ്പെട്ട് ഒരു ദർപ്പൺ Unique ID

മാത്രമേ നൽകുകയുള്ളു എന്ന വസ്തുത സഭയുടെ പാൻ ഉപയോഗിക്കുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്കായി അറിയിക്കുന്നു.

ജുവനൈൽ ആക്ടുമായി ബന്ധപ്പെട്ട നമ്മുടെ സ്ഥാപനങ്ങൾ ഇപ്പോൾ ഒരു പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ജുവനൈൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്താൽ അവർ നിർദ്ദേശിക്കുന്ന എല്ലാ സംവിധാനങ്ങളും രൂപപ്പെടുത്തേണ്ടതായിവരും. കേരളത്തിൽ തന്നെ നമ്മുടെ 15 സ്ഥാപനങ്ങൾ ഇപ്പോൾ ഈ പ്രശ്നം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. സഹോദരീ സഭകളുമായി ആലോചിച്ച് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ക്രമീകരണങ്ങൾ ചെയ്തുവരികയാണ്.

നമ്മുടെ സഭയിൽ ദീർഘ വർഷക്കാലം ഇടവകകളിലും സഭ നിയോഗിച്ച ഇടങ്ങളിലും ധന്യമായ ശുശ്രൂഷ നിർവ്വഹിച്ച ചെങ്ങന്നൂർ, പാരൂർ തെക്കേപ്പുറത്ത് റവ. കെ.ജി. ചാക്കോ (82), എലിപ്പക്കുളം പള്ളിയിൽ വീട്ടിൽ റവ. പി.എം. ഏബ്രഹാം (70) എന്നീ പട്ടക്കാർ ഒരേ ദിവസം (നവംബർ 19) നിര്യാതരായി. വിവിധ രംഗങ്ങളിൽ സഭയിൽ ശ്രേഷ്ഠമായ ശുശ്രൂഷകൾ നിർവ്വഹിച്ച ഈ ബഹുമാന്യരായ പട്ടക്കാരുടെ സേവനത്തെ നന്ദിയോടുകൂടി അനുസ്മരിക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ വേർപാടിൽ സഭയ്ക്കുള്ള ദുഃഖവും അനുശോചനവും അറിയിക്കുന്നു. സന്തപ്തകുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ബധിര വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ നമ്മുടെ കാസർഗോഡ് ചെർക്കള മാർത്തോമ്മാ ബധിര വിദ്യാലയം ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും ഹയർ സെക്കന്ററി വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി ഓവറോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ സഭാ പ്രസിദ്ധീകരണ സമിതിയുടെ തീരുമാനപ്രകാരം 77 പുതിയ ഗാനങ്ങൾ കൂടി ഉൾപ്പെടുത്തിയ ക്രിസ്തീയകീർത്തനത്തിന്റെ 37-ാം പതിപ്പും ഇദംപ്രഥമമായി പരസ്യാരാധനക്രമം, ക്രിസ്തീയകീർത്തനം, പുതിയനിയമം, സങ്കീർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി സഭാ ബുക്ക് ഡിപ്പോയുടെ ചുമതലയിലും ബൈബിൾ സൊസൈറ്റിയുടെ സഹകരണത്തോടെയും ഒരു പ്രത്യേക പതിപ്പും (ഒട്ടും വലിപ്പം കൂടാതെ, കനം കുറഞ്ഞ പേപ്പറിൽ ആകർഷകമായ ബൈന്റിങ്ങോടെ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പതിപ്പുകൾ ഏവർക്കും പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരു സംവത്സരത്തിന്റെ അവസാന മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ഡിസംബർ മാസത്തെ ധ്യാനം ആരംഭിക്കുന്നത് 25 നോമ്പ് ആരംഭത്തോടുകൂടിയാണ്. ഡിസംബർ 3-ാം തീയതി ഞായറാഴ്ച വേദപുസ്തക ഞായറായി ആചരിക്കുന്നു. എലിസബേത്തിന്റെ അടുക്കലേക്കുള്ള കന്യകമറിയാമിന്റെ യാത്രയാണ് അന്നത്തെ ചിന്താവിഷയം. കൃപ ലഭിച്ച എലിസബേത്തിന്റെയും കൃപ ലഭിച്ച മറിയയുടെയും സ്നേഹസംഗമം രണ്ടുപേർക്കും പുതിയൊരു ഉണർവ്വും ചൈതന്യവും ദർശനവും പകരുന്നതായിരുന്നു. മറിയ എഴുന്നേറ്റ് മലനാട്ടിൽ യഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ട് ചെന്ന് എലിസബേത്തിനെ ആദരപൂർവ്വം വന്ദിക്കുമ്പോൾ എത്ര ആദരവോടുകൂടിയാണ് വാർദ്ധക്യത്തിലെത്തിയ എലിസബേത്ത് ഒരു യുവതിയായ മറിയയെ എതിരേല്ക്കുന്നത് എന്നത് ശ്രദ്ധേയമാണ്. "കർത്താവ് തന്നോട് അരുളി ചെയ്തതിന് നിവൃത്തിയുണ്ടാകും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കൊ. 1:45) എന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് കർത്താവിന്റെ മാതാവായ മറിയയെ എലിസബേത്ത് ആദരിച്ച് അംഗീകരിക്കുന്നത്. കൃപ ലഭിച്ചവർക്കു മാത്രമേ ഇത്രമാത്രം ആദരവോടു കൂടി പരസ്പരം അംഗീകരിക്കുവാനും ദൈവത്തിന് സ്തോത്രം കരേറ്റുവാനും കഴിയുകയുള്ളു. ഈ മാതൃക അനുകരണീയമായ മാതൃകയത്രെ. ഡിസംബർ 10-ാംതീയതി ഞായറാഴ്ച യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. യോഹന്നാൻ സ്നാപകന്റെ ജനനത്തോടനുബന്ധിച്ച് പിതാവ് സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞ് പ്രവചിച്ചത് "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" എന്നാണ്. ഈ ഉദയമാണ് ക്രിസ്മസിലൂടെ ചരിത്രത്തിൽ വെളിപ്പെട്ടത്. ഡിസംബർ 17-ാം തീയതി ഞായറാഴ്ച 'യോസഫിനോടുള്ള അറിയിപ്പും' 24-ാം തീയതി 'നമ്മുടെ കർത്താവ് സമാഗതനാകുന്നു' എന്ന ചിന്തയും പങ്കു വയ്ക്കുന്നു. ദൈവത്തിന്റെ അരുളപ്പാട് സ്വീകരിച്ച്, അക്ഷരം പ്രതി അനുസരിച്ച് മറിയയെ ലോകാപവാദത്തിലേക്ക് തള്ളിവിടാതെ ഹൃദയപൂർവ്വം സ്വീകരിച്ച യോസഫിന്റെ മനോഭാവം സ്ത്രീത്വത്തോടുള്ള ഏറ്റവും വലിയ ആദരവാണ് എന്ന് നാം ഓർക്കണം.

ഡിസംബർ 21-ാം തീയതി വ്യാഴാഴ്ച മാർത്തോമ്മാ സഭാദിനമാണ്. "കർത്താവേ, നീ എവിടെപ്പോകുന്നു? എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ അറിയും?" എന്ന തോമസ് അപ്പോസ്തലന്റെ ചോദ്യത്തിന് 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' എന്ന് നമ്മുടെ കർത്താവ് പ്രഖ്യാപിക്കുന്ന വേദഭാഗമാണ് അന്നത്തെ ധ്യാനവിഷയം. നമുക്ക് വഴിയും സത്യവും ജീവനുമായവന്റെ ജനനപ്പെരുന്നാൾ (എൽദോ) ഡിസംബർ 25-ാം തീയതി തിങ്കളാഴ്ച നാം ആചരിക്കുന്നു. യേശുവിന്റെ ജനനം എവിടെയായിരുന്നു എന്ന് സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നില്ല എങ്കിലും ജനനശേഷം കുഞ്ഞിനെ കിടത്തിയത് ഒരു ഗോശാലയിലായിരുന്നു എന്നത് വ്യക്തമാക്കുന്നുണ്ട്. യോസഫ് തന്റെ കരവിരുതിലൂടെ ഒരു പുൽക്കൂടിന്റെ അകം ക്രമീകരിച്ച് കുഞ്ഞിനെ കിടത്തി. ആ ശീലകളിൽ പൊതിഞ്ഞു കിടന്ന ശിശുവത്രെ നമ്മുടെ രക്ഷകൻ. മൃഗീയമായ അന്തരീക്ഷത്തിൽ കിടത്തപ്പെട്ട, ദൈവകൃപയിൽ പൊതിയപ്പെട്ട ആ ശിശുവത്രെ മാനവികതയുടെ ഏറ്റവും മഹനീയവും നിസ്തുല്യവും വിശുദ്ധവുമായ മാതൃക എന്ന് നാം തിരിച്ചറിയണം.

നമ്മുടെ ആരാധനാക്രമത്തിൽ "രക്ഷകൻ ഇന്ന് ഉദിച്ചു" എന്നാണ് പറയുന്നത്. രക്ഷകന്റെ ഉദയം മൃഗീയമായ അന്തരീക്ഷത്തിൽ നിന്നും മാനവികതയുടെ ഔന്നത്യത്തിലേക്ക് നമ്മെ നയിക്കുന്ന ഉദയമാണ്. ഈ ക്രിസ്തു നമ്മുടെ ഉള്ളങ്ങളിൽ ഉദിക്കുമ്പോൾ നമ്മൾ പ്രകാശമുള്ള മനുഷ്യരായി മാറും. അങ്ങനെ പ്രകാശിതരായി ക്രിസ്തുവിനോടൊപ്പം പുതിയ സംവത്സരത്തിന്റെ സാധ്യതകളിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
24-11-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**